MONDAY 20-09-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -20/09/2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ 10 ചില്ലറ വിപണികൾ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും,പഴം,പച്ചക്കറി ഉന്ത് വണ്ടികൾക്ക് (32 എണ്ണം) 15000 രൂപയും, ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ നടത്തുന്ന 2020-21 ലെ ഡിജിറ്റൽ വീഡിയോ മത്സരങ്ങളിൽ അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി ഈ മാസം 30 (**സെപ്റ്റംബർ 30**) ആണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി നാടൻ തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എത്തിച്ചേർന്നിട്ടുണ്ട്. തൈ ഒന്നിന് 100 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പരിൽ ബന്ധപ്പെടുക

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു മുതൽ ഈ മാസം **24** വരെ (സെപ്റ്റംബർ 20 മുതൽ 24) വരെ **മുള്ളംകൊല്ലി** ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. മൃഗ സംരക്ഷണ വകുപ്പിന്റെ ആനിമൽ റിസോഴ്സ് ഡവലപ്മെന്റ് 2021-22 സംസ്ഥാന പദ്ധതിയിൽ താങ്ങ് പലിശ സഹായ പദ്ധതി പ്രകാരം വയനാട് ജില്ലയിലെ മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾക്കായി വായ്പയെടുത്ത് സംരംഭമാരംഭിച്ച കർഷകരിൽ വായ്പ മുടക്കമില്ലാതെ തിരിച്ച് അടച്ചുകൊണ്ടിരിക്കുന്ന 200 കർഷകർക്ക് വാർഷിക പലിശയിനത്തിൽ പരമാവധി 5000 രൂപ വരെ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള 2021-22 വർഷത്തെ വാർഷിക പലിശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നു. (5 പേരടങ്ങിയ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പിന് പരാമവധി 25000 രൂപ) പദ്ധതി മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ലോൺ അക്കൗണ്ടിലേക്കാണ് അർഹമായ ധനസഹായം അനുവദിക്കുക. 2017-18 വർഷമോ അതിനു ശേഷമോ മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്കായി വായ്പ എടുത്ത കർഷകർക്കാണ് ആനുകൂല്യം ലഭിക്കുക. കൃത്യമായി തിരിച്ചടവ് നടത്താത്ത അപേക്ഷകർ അർഹരല്ല. 2021-22 വർഷം ലോൺ അടച്ചു തീർത്ത അപേക്ഷകരെയും പരിഗണിക്കും. എസ്.സി/എസ്.ടി, വിധവ, ബി.പി.എൽ, വനിത എന്നീ ക്രമത്തിൽ അപേക്ഷകർക്ക് മുൻഗണന നൽകും. പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലെ മൃഗാശുപത്രികളിൽ ഒക്ടോബർ 4 ന് മുമ്പ് ധനസഹായത്തിനുള്ള അപേക്ഷ നൽകണം. അപേക്ഷാ ഫോറം മൃഗാശുപത്രികളിൽ ലഭിക്കും.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടികൾ**

6. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആര്യ (യുവതി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി ചെറു തേനീച്ച വളർത്തൽ, ഇന്ത്യൻ തേനീച്ച വളർത്തൽ മുതലായവയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. തുടർ പരിശീലന പരിപാടിയുടെ ഭാഗമായിട്ടുള്ള ആദ്യത്തെ ക്ലാസ്സ് ഈ മാസം 22-നു (സെപ്റ്റംബർ 22 നു) നടത്തുന്നു. കണ്ണൂർ ജില്ലയിലെ 40 വയസ്സിനു താഴെയുള്ള കർഷകർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 22-നു മുമ്പ് **0460 –2226087, 8547675124** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **പഴുത്ത ചക്കയുടെ മൂല്യവർദ്ധിത ഉലന്നങ്ങളുടെ നിർമ്മാണത്തിൽ** പരിശീലനം സംഘടിപ്പിക്കുന്നു. ഈ മാസം 22-ന് (സെപ്റ്റംബർ 22 ന്) രാവിലെ 10 മുതൽ **തെള്ളിയൂരിൽ** പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിനുമായി ഇന്ന് (സെപ്റ്റംബർ 20 ന്) 4 മണിക്കുമുമ്പായി **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ ക്ഷീരകർഷകർക്ക് ഇന്നും നാളെയുമായി (സെപ്തംബർ 20,21) രാവിലെ 10.30 മണിക്ക് **ഭക്ഷ്യസുരക്ഷ നിയമം-2006 പാൽഗുണനിലവാരത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തിലും വൈകിട്ട് **6** മണിക്ക് **പാൽഗുണമേന്മാ വർഷാചരണം, ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ, മിച്ചം വരുന്ന പാലിൽ നിന്നും സ്വാദിഷ്ടമായ പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/ewu-vwpz-mvz എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ആടു വളർത്തുന്നതിന് താൽപര്യമുളള 80 കർഷകർക്ക് രണ്ടു ബാച്ചുകളിലായി ഒരു ദിവസത്തെ ഫാം സന്ദർശനം ഉൾപ്പെടെ നാലു ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുളള കർഷകർ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഒക്ടോബർ 5 -ന് മുമ്പായി അപേക്ഷ പൂരിപ്പിച്ചു നൽകേണ്ടതാണ്. അപേക്ഷ ആവശ്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചാൽ അപേക്ഷാ ഫോറം അയച്ചു നൽകുന്നതാണ്. പഞ്ചായത്ത് വെറ്ററിനറി ഹോസ്പിറ്റലുകളിൽ നിന്നും അപേക്ഷയുടെ മാതൃക ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **04829-234323** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി സമയത്ത് ബന്ധപ്പെടാവുന്നതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റെയിൻഗാർഡിങ്ങിൽ** ഈ മാസം 21-ന് (സെപ്റ്റംബർ 21-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.00 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് **താറാവു വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

12. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് (സെപ്തംബർ 22-ന്) **ഒരു വർഷം - ഒരു പശുക്കിടാവ് - വിജയകരമായ കന്നുകാലി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446890889** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.